# പതിമൂന്നാം കേരളനിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.637** — **08.03.2012 ൽ മറുപടിക്ക്**

## മരുന്നു സംഭരണം - ടെണ്ടർ വ്യവസ്ഥകൾ

**ചോദ്യം**
ശ്രീ. എ. പ്രദീപ്കുമാർ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. ആർ. രാജേഷ്
ശ്രീപി. റ്റി. എ. റഹീം

**മറുപടി**
ശ്രീ.അടൂർ പ്രകാശ്
(ആരോഗ്യവും കയറും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന നടത്തി വരുന്ന മരുന്നു സംഭരണത്തിൽ ക്രമക്കേടുകൾ നടന്നു വരുന്നതായ ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ മരുന്നു സംഭരണത്തിൽ മുൻപ് ക്രമക്കേടുകൾ ഉണ്ടായിരുന്നു എന്ന ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷൻ ടെണ്ടർ നടപടികൾ സുതാര്യമാക്കുകയും ടെണ്ടറുകളുടെ രേഖകൾ എല്ലാം തന്നെ വെബ്സൈറ്റിലൂടെ പ്രസിദ്ധീകരിക്കുകയും ഫാക്ടറി ഇൻസ്പെക്ഷൻ , സാമ്പിൾ പരിശോധന എന്നിവ കോർപ്പറേഷൻ ഉദ്യോഗസ്ഥരെ കൂടാതെ പുറമേ നിന്ന് ഡോക്ടർമാരും, ഡ്രഗ്സ്കൺട്രോളറുടെ ഓഫീസിലുള്ള ഉദ്യോഗസ്ഥരും പരിശോധിച്ച് നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ടെണ്ടർ നടപടികളിൽ അന്തിമ തീരുമാനമെടുക്കുന്നത്. മേൽപറഞ്ഞ നടപടികൾ സ്വീകരിച്ചിട്ടുള്ളതിനാൽ ഇപ്പോൾ ക്രമക്കേടുകൾ നടന്നതായ ആക്ഷേപങ്ങൾ ഉന്നയിക്കപ്പെട്ടിട്ടില്ല. |
| (ബി) | ഈ സർക്കാർ അധികാരമേറ്റശേഷം കോർപ്പറേഷൻ ടെണ്ടർ വ്യവസ്ഥകളിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തുകയുണ്ടായോ; പുതിയ നിബന്ധനകൾ എന്തായിരുന്നു; ഇതുവഴി ചെറുകിട കമ്പനി | (ബ) | കഴിഞ്ഞ വർഷത്തെ ടെണ്ടർ നടപടികളിൽ വൻകിട കമ്പനികൾ പങ്കെടുത്തുവെങ്കിലും മരുന്നു വില കുതിച്ചുയർന്നതിനെത്തുടർന്ന് സർക്കാർ ടെണ്ടർ നടപടികളിൽ ഇളവ് അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. കഴിഞ്ഞ വർഷം 20 കോടി ടേൺ |

| | | | |
|---|---|---|---|
| | കൾക്ക് ടെണ്ടറിൽ പങ്കെടുക്കുവാൻ കഴിയാതായിട്ടുണ്ടോ; ഇത് വൻകിട മരുന്ന കമ്പനികൾക്ക് വില വൻ തോതിൽ വർദ്ധിപ്പിക്കുവാനുള്ള സാഹചര്യം ഒരുക്കുകയുണ്ടായോ ; | | ഓവറായി നിശ്ചയിച്ചത് ഈ വർഷം10 കോടിയായി കുറച്ചു. ചെറുകിട മരുന്ന് നിർമ്മാതാക്കൾക്കുള്ള ടേൺ ഓവർ 50 ലക്ഷമായിട്ടാണ് നിജപ്പെടുത്തിയിട്ടുള്ളത്. കേരളത്തിലെ ചെറുകിട മരുന്ന് നിർമ്മാതാക്കളെ ഒരുതരത്തിലും ഇത് ബാധിക്കുകയില്ല. കേരളത്തിനു പുറത്തുള്ള ചെറുകിട മരുന്ന് നിർമ്മാതാക്കൾ യാതൊരു മാനദണ്ഡവും പാലിക്കാതെയാണ് മരുന്ന് നിർമ്മിക്കുന്നത്. ഇങ്ങനെയുള്ള കമ്പനികളെ ഒഴിവാക്കാൻ വേണ്ടിയാണ് കഴിഞ്ഞ രണ്ട് വർഷമായി ടെണ്ടർ നടപടികളിൽ കൂടുതൽ നിബന്ധനകൾ ഏർപ്പെടുത്തിയിട്ടുള്ളത്. |
| (സി) | മുൻ വർഷത്തേക്കാൾ അധിക വില നൽകേണ്ടി വന്ന മരുന്നുകൾ എത്ര ഇനം ആയിരുന്നു ; എത്ര ശതമാനം മുതൽ എത്ര ശതമാനം വരെ ഈ ഇനങ്ങൾക്ക് വർദ്ധനയുണ്ടായി ; വില വർദ്ധനമൂലം ഈ വർഷം മരുന്നു വാങ്ങുന്നതിന് എത്ര തുക കോർപ്പറേഷന് അധികമായി വേണ്ടി വരും ? | (സി) | 2010-11 സാമ്പത്തിക വർഷത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ 183 ഇനം മരുന്നുകൾക്ക് അധികവില നൽകേണ്ടിവന്നു. നടപ്പുസാമ്പത്തിക വർഷത്തിൽ 10% - 90% വരെ വർദ്ധനവ് ഉണ്ടായി. കഴിഞ്ഞ സാമ്പത്തിക വർഷം മരുന്ന് വാങ്ങുന്നതിന് ചെലവായ തുക 166.44 കോടി രൂപയും ഈ സാമ്പത്തിക വർഷം ഇതുവരെ (ഫെബ്രുവരി 2012) 155.40 കോടി രൂപ ചെലവായിട്ടുണ്ട്. ബഡ്ജറ്റ് വിഹിതത്തിനതീതമായി മരുന്നുകൾ വാങ്ങുന്നതിന് അധികതുക വേണ്ടി വന്നില്ല. ആധുനിക ഇൻമെന്ററി മാനേജ്മെന്റ് നടപടികൾ സ്വീകരിച്ചും, വേസ്റ്റേജ് ഒഴിവാക്കിയുമാണ് ഇത് സാധിച്ചത്. |

സെക്ഷൻ ഓഫീസർ